**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2221** **11/03/2020-ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | നബാർഡ് മാനദണ്ഡമനുസരിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ കേരള ബാങ്കിന്റെ മൊത്തം നഷ്ടം 1253.11 കോടി രൂപയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) & (ബി) | ഇല്ല. നബാർഡ് അപ്രകാരം ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ബി) | റിസർവ് ബാങ്കിന്റെ അന്തിമ അനുമതി ലഭിക്കാൻ ഈ തുക അടയ്ക്കണമെന്ന് നബാർഡ് നിർബന്ധിച്ചാൽ സർക്കാർ ഈ തുക അടക്കേണ്ടി വരുമോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | നേരത്തെ നഷ്ടത്തിലായിരുന്ന സംസ്ഥാന സഹകരണ ബാങ്കിനെ ലാഭത്തിലാക്കിയത് വിവിധ അപ്പക്സ് സംഘങ്ങളുടെ വായ്പ സർക്കാർ ഏറ്റെടുത്തുകൊണ്ടായിരുന്നോ; എങ്കിൽ ഇതിനായി 306.47 കോടി രൂപ 2018 ഡിസംബർ 31-ന് സർക്കാർ അനുവദിച്ചിട്ടുണ്ടോ; | (സി) | ചില അപ്പക്സ് സംഘങ്ങളുടെ NPA വായ്പ OTS ലൂടെ settle ചെയ്യാൻ 306.47 കോടി രൂപ അനുവദിച്ചിരുന്നു. ടി തുക സംഘങ്ങൾക്കും federation-നും ഗവണ്മെന്റ് നൽകിയ വായ്പയായി കണക്കാക്കി തിരിച്ച് പിടിക്കുന്നതിനുള്ള ക്രമീകരണവും നടത്തിയിട്ടുണ്ട്. |
| (ഡി) | സർക്കാരിന്റെ സ്വപ്ന പദ്ധതിയായ കേരള ബാങ്ക് തുടങ്ങും മുൻപ് തന്നെ ഇത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യതയായി മാറുന്ന സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ